16
മെയ്
2018

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## ആദർശ് കൂടുകൾ: നടന്നത് വൻ തട്ടിപ്പ്

തട്ടിപ്പൂമൂല- പക്ഷികൾക്ക് മഴയിൽ നിന്നും വെയിലിൽ നിന്നും സുരക്ഷ നൽകുന്നു എന്ന് വൻ പ്രചാരം നടത്തിയാണ് ആദർശ് കൂടുകൾ ഇല്ലിമുളം കാട്ടിൽ വിറ്റഴിച്ചത്. അതിന് പിറകിൽ വൻ തട്ടിപ്പുകളുണ്ടെന്നാണ് ഏറ്റവും ഒടുവിൽ കിട്ടുന്ന റിപ്പോർട്ട്. വളരെ വില കുറഞ്ഞ മെറ്റീരിയൽ കൊണ്ടാണ് പക്ഷിക്കൂടുകൾ ഉണ്ടാക്കിയത് എന്ന് ക്വാളിറ്റി ചെക്ക് ചെയ്ത പപ്പുക്കുറുക്കൻ പറഞ്ഞു. ഈ വാർത്ത ശരിക്കും ഞെട്ടിക്കുന്നതാണെന്നും ഇങ്ങനെ പാവം പക്ഷികളെ വഞ്ചിക്കുന്നത് കണ്ണിൽ ചോരയില്ലാത്ത പരിപാടിയാണെന്നും അദ്ദേഹം പറഞ്ഞു.

ഞങ്ങൾക്ക് ശത്രുക്കളിൽ നിന്നും പ്രതികൂല കാലാവസ്ഥയിൽ നിന്നും രക്ഷപ്പെടാലോ എന്നു കരുതിയാണ് ആദർശ് കൂടുകൾ വാങ്ങിയത്. എന്നാൽ അതുണ്ടാക്കിയിരിക്കുന്നത് വില കുറഞ്ഞ



മെറ്റീരിയൽ കൊണ്ടാണെന്ന് കേട്ടത് മുതൽ ഞങ്ങളാകെ ധർമ്മസങ്കടത്തിലാണ്. ഞങ്ങൾ കഷ്ടപ്പെട്ട് അധ്വാനിച്ചുണ്ടാക്കിയ കാശ് കൊണ്ടാ കൂട് വാങ്ങിയത്. താമസിക്കാനൊരിടം എന്നത് ഏതൊരാളുടേം സ്വപ്നമാണ്. മണൽകാടുകളിൽ പോയി കഷ്ടപ്പെട്ട് അധ്വാനിച്ചിട്ടാണ് ഞങ്ങൾ ഒരു കൂട് നിർമിക്കാനുള്ള കാശ് ശേഖരിച്ചത്. ഈ വാർത്ത ഞങ്ങളെയാകെ തകർത്തുവെന്ന് ചിക്കു കാക്ക പറഞ്ഞ.

ഞങ്ങൾ മുട്ടയിടുന്നത് കാക്കക്കൂട്ടിലായതിനാൽ ഞങ്ങളൊന്നും കൂട് വാങ്ങാൻ ഉൽസാഹിച്ചിരുന്നില്ല. അതിപ്പോൾ വല്ലാത്തൊരു ആശ്വാസമായി എന്ന് മന്നൻ കുയിൽ പറഞ്ഞു.

എന്നാൽ ഈ വാർത്തയിൽ ഒരു കഴമ്പും ഇല്ലെന്നും, പപ്പുക്കുറുക്കൻ കരുതിക്കൂട്ടി ഞങ്ങളുടെ ബിസിനസ് തകർക്കുകയാണെന്നും ആദർശ് കമ്പനിയുടെ മാനേജർ കോഴി ഫെർണാണ്ടസ് പറഞ്ഞു. ഞങ്ങളുടെ കൂട് വാങ്ങിയതിൽ പിന്നെ പക്ഷികളെല്ലാം കൂടുതൽ സുരക്ഷികരായി. പപ്പുക്കുറുക്കനെ പോലെയുള്ള കശ്മലൻമാർക്ക് പക്ഷികളെ പിടിക്കാൻ പറ്റാതായി. അതു കൊണ്ടാണ് ഇത്തരമൊരു ആരോപണം ഉയർത്തി ഞങ്ങളെ തകർക്കാൻ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## കാട്ടിലേക്കുള്ള അതിവേഗ പാത അനുവദിക്കില്ല



നായകം- കാട്ടിൽ ഉടനെ തുടങ്ങാനിരിക്കുന്ന അതിവേഗ പാത അനുവദിക്കില്ല എന്ന് പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ വാസുക്കരടി പറഞ്ഞു. അതിലൂടെ യാത്ര ചെയ്യണേൽ ഭീമമായ ടോൾ കൊടുക്കേണ്ടി വരും. പൊതുയാത്രാ സംവിധാനത്തെ തന്നെ തകർക്കാനാണ് ഈ പദ്ധതിയുമായി വന്ന ഗവൺമെന്റിന്റെ പദ്ധതി. അതിവേഗ പാതയിലൂടെ അതിവേഗതയിലൂടെയാവും വാഹനങ്ങൾ പോവുക. കാടിന്റെ ശാന്തതയേയും സ്വസ്ഥതയേയും ഇത് ബാധിക്കും. അല്ലെങ്കിലും കാടിന്റെ ഒരറ്റത്ത് നിന്ന് മറ്റേ അറ്റത്തേക്ക് ഇത്ര വേഗത്തിൽ പോവുന്നത് എന്തിനാണ്? 'പയ്യെ തിന്നാൽ പനയും തിന്നാം' എന്നല്ലേ നമ്മൾ പഠിച്ചിട്ടുള്ളത്? എന്ത് കാര്യവും അവധാനതയോടെ വേണം ചെയ്യാൻ എന്നല്ലേ പൂർവ്വികർ പറഞ്ഞത്. എന്നിട്ട് അതിനെയെല്ലാം പുച്ഛിച്ചിട്ടാണ് സർക്കാർ അതിവേഗ പാത നിർമിക്കാൻ തുനിയുന്നത്. പിന്നെ അന്തരീക്ഷ മലിനീകരണത്തിന്റെയും ശബ്ദമലിനീകരണത്തിന്റെയും കാര്യം പറയണ്ട എന്നും അദ്ദേഹം തുടർന്നു. മുഖ്യമന്ത്രിക്ക് വേഗത്തിൽ ബന്ധുവീട്ടിൽ പോകാനാണ് ആയിരക്കണക്കിന് മൃഗങ്ങളെ വഴിയാധാരമാക്കിയുള്ള ഈ പദ്ധതിയെന്ന് പ്രതിപക്ഷ നേതാവ് ചിണ്ടൻ മങ്കി പറഞ്ഞു.

നാളെ മുതൽ തിയേറ്ററുകളിൽ
**പ്രദർശനത്തിനെത്തുന്നു**

**മൃഗരാജന്റെ പ്രതികാരം**

സുഹൃത്തായ ആനയോട് ഗുസ്തി
പിടിച്ച ശേഷം വാശിക്ക് താടി വടിച്ച
ഒരു സിംഹത്തിന്റെ കഥ.

## മൃഗങ്ങളെ ആശങ്കയിലാക്കരുത്

വെള്ളരിക്കാ പട്ടണം- പൊട്ടത്തരങ്ങൾ പറയാൻ ആർക്കും അവകാശമുണ്ട്. എന്നാൽ പൊട്ടത്തരങ്ങൾ കൊണ്ട് മൃഗങ്ങളെ ആശങ്കപ്പെടുത്താൻ ആർക്കും അവകാശമില്ലെന്ന് പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ബുദ്ധിജീവിയുമായ ഋഷികേഷ് ആമ പറഞ്ഞു. ആകാശത്തിന് ഓട്ട വീഴുന്നു എന്ന കഴുത കുമാറിന്റെ നിരീക്ഷണത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മേഘമാണ് മഴയായി പെയ്യുന്നത്, അല്ലാതെ ആകാശത്തിന്റെ ഓട്ടയിലൂടെ ഊർന്ന് വരുന്നതല്ല എന്ന പ്രാഥമിക കാര്യം പോലും മനസ്സിലാക്കാതെയാണ് കഴുത കുമാർ ഓരോന്ന് തട്ടിവിടുന്നത്. സൂര്യൻ പൊട്ടിത്തെറിക്കുന്നതാണ് ഇടിയും മിന്നലും എന്ന് മുമ്പൊരിക്കൽ ഇദ്ദേഹം പറഞ്ഞിരുന്നു. രാവിലെയാകുമ്പോൾ സൂര്യൻ ഒട്ടിച്ചേരുന്നതാണത്രെ. അങ്ങനെ ഒട്ടേറെ പരാമർശങ്ങൾ നടത്തിയ കഴുതകുമാറിന്റെ വാദഗതികൾ മൃഗങ്ങളാരും മുഖവിലക്കെടുക്കരുതെന്നും ഋഷികേഷ് പറഞ്ഞു.

**തമിഴിൽ നിന്ന് ആദ്യമായി ജ്ഞാനപീഠം നേടിയത് – പി.വി അഖിലാണ്ഡൻ**